"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 2018, 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി വിഭാവനം ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (Chief Minister's Local Roads Rebuild Project) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 4,17,389 (നാല് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം.1294/2026/RD **തീയതി,തിരുവനന്തപുരം, 08-07-2026**

---

പരാമർശം:-

1. 09.01.2020-ലെ സ.ഉ.(കൈ) നം. 13/2020/ത.സ്വ.ഭ.വ
2. 04.05.2020-ലെ സ.ഉ(സാധാ) നം. 1683/2020/റവ
3. 30.09.2020-ലെ സ.ഉ(സാധാ) നം. 2983/2020/റവ
4. 18.12.2020-ലെ സ.ഉ.(സാധാ) നം. 2337/2020/ത.സ്വ.ഭ.വ
5. 21.12.2020-ലെ സ.ഉ(സാധാ) നം. 3876/2020/റവ
6. 24.12.2020-ലെ സ.ഉ(കൈ) നം. 200/2020/ത.സ്വ.ഭ.വ
7. 29.12.2020-ലെ സ.ഉ(സാധാ) നം. 3984/2020/റവ
8. 09.01.2021-ലെ സ.ഉ(സാധാ) നം. 92/2021/റവ
9. 28.06.2021-ലെ സ.ഉ(സാധാ) നം. 2239/2021/റവ
10. 15.09.2021-ലെ സ.ഉ(സാധാ) നം. 3143/2021/റവ
11. 11.01.2022ലെ സ.ഉ(സാധാ() നം. 155/2022/റവ
12. 25.02.2022ലെ സ.ഉ(സാധാ() നം. 875/2022/റവ
13. 22.04.2022 ലെ സ.ഉ (സാധാ) നം. 1820/2022/റവ
14. 22.06.2022-ലെ സ.ഉ.(സാധാ) നം. 2714/2022/റവ
15. 11.08.2022-ലെ സ.ഉ.(സാധാ) നം. 3423/2022/റവ
16. 05.11.2022-ലെ സ.ഉ(സാധാ) നം. 4495/2022/റവ
17. 12.01.2023-ലെ സ.ഉ(സാധാ) നം. 195/2023/റവ
18. 22.07.2023-ലെ സ.ഉ(സാധാ) നം. 2700/2023/റവ
19. 01.03.2024-ലെ സ.ഉ(സാധാ) നം. 807/2024/റവ

20. 12.06.2024-ലെ സ.ഉ(സാധാ)നം. 1355/2024/റവ
21. 26.09.2024-ലെ സ.ഉ(സാധാ)നം. 2325/2024/റവ
22. 24.01.2025-ലെ സ.ഉ(സാധാ) നം. 205/2025/റവ
23. 30.05.2025-ലെ സ.ഉ(സാധാ) നം. 1289/2025/റവ
24. 07.09.2025-ലെ സ.ഉ(സാധാ) നം. 2078/2025/റവ
25. 23.12.2025-ലെ സ.ഉ(സാധാ) നം. 2887/2025/റവ

26 ബഹു. ഹൈക്കോടതി മുമ്പാകെ Marysadan Projects Pvt Ltd ഫയൽ ചെയ്ത WP(C) 34088/25 നമ്പർ കേസിന്മേലുള്ള 01.04.2026-ലെ വിധിന്യായം.

27. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.06.2026 തീയതിയിലെ LSGD/PD/60558/2023-EW7 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2018, 2019 കാലയളവിലെ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്താത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (Chief Minister's Local Roads Rebuild Project) നടപ്പിലാക്കുന്നതിനായി 1000 കോടി രൂപ, പരാമർശം (1), (6) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തുക ഘട്ടംഘട്ടമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് നല്കുന്നതിന് പരാമർശം (2), (3), (7) പ്രകാരം ഉത്തരവായിട്ടുണ്ട്.

2) CMLRRP നടത്തിപ്പിനായി പരാമർശം (5), (8), (9), (10), (11), (12), (13), (14), (15), (16), (17), (18), (19), (20), (21), (22) (23), (24), (25) എന്നീ ഉത്തരവുകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഇതിനോടകം 8,20,44,69,526 രൂപ (എണ്ണൂറ്റി ഇരുപത് കോടി നാൽപത്തിനാല് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. ആകെ അനുവദിച്ച തുകയിൽ 8,20,44,64,536/- രൂപ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം മുഖേനയും 14 ജില്ലാ പഞ്ചായത്തുകൾ മുഖേനയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. CMLRRP പ്രവർത്തികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 100 കോടി രൂപ വരെ സ്റ്റാർട്ടപ് അഡ്വാൻസിന് അപേക്ഷിക്കാൻ സാധിക്കുന്നതും ആകെ അനുവദിക്കപ്പെട്ട തുകയുടെ 50% വിനിയോഗിച്ചതിനു ശേഷം ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ചെലവഴിച്ച തുക വീണ്ടും ആവശ്യപ്പെടാവുന്നതാണെന്നും ശേഷിക്കുന്ന പ്രവൃത്തികൾക്ക് അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണെന്നും പരാമർശം (4) പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.

3) ബഹു. ഹൈക്കോടതി മുമ്പാകെ Marysadan Projects Pvt Ltd ഫയൽ ചെയ്ത WP(C) No. 30488/2025 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 01.04.2026 ലെ പരാമർശ (26) വിധിന്യായം നടപ്പിലാക്കുന്നതിനായി 4,17,389/- രൂപ (നാല് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) കൂടി അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (27) പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ശിപാർശ ചെയ്ത്

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കുകയുണ്ടായി.

4) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (Chief Minister's Local Roads Rebuild Project) നടപ്പിലാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ അനുവദിക്കാൻ നിശ്ചയിച്ചിട്ടുള്ള 1000 കോടി രൂപയിൽ ഇതിനോടകം അനുവദിച്ച നൽകിയ 8,20,44,69,526 രൂപ (എണ്ണൂറ്റി ഇരുപത് കോടി നാൽപത്തിനാല് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) യ്ക്ക് പുറമെ 4,17,389/- രൂപ (നാല് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

5) മേല്പറഞ്ഞ ഇനത്തിൽ വിതരണത്തിനാവശ്യമായ 4,17,389/- രൂപ (നാല് ലക്ഷത്തി പതിനേഴായിരത്തി മുന്നൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ചീഫ് എൻജിനീയറുടെ STSB (അക്കൗണ്ട് നം.799011400006726) അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജീവൻ ബാബു കെ ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
തദ്ദേശ സ്വയംഭരണ (പി പി ) വകുപ്പ് ( PP2/89/2026-LSGD ഫയൽ മുഖേന)
റവന്യൂ (ഡി ആർ എഫ് (ബി/സി) വകുപ്പുകൾക്ക്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി.(REV-DRF-A1/9/2020-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 08-07-2026 18:50:08
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്
തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ് ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി(ഐ.എ.എസ്) യുടെ സി.എ-യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്